**പതിനാലാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 5240 — 31.10.2016 ൽ മറുപടിക്ക്

## *'സെർട്ട്' -കേരള'*

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. കെ. ആൻസലൻ**<br>**,, കെ. ബാബു**<br>**,, വി. അബ്ദുറഹിമാൻ**<br>**,, കെ.ഡി. പ്രസേനൻ** | **ശ്രീ. പിണറായി വിജയൻ**<br>**(മുഖ്യമന്ത്രി)** |
| (എ) ഇൻഫർമേഷൻ ടെക്നോളജി മേഖലയിലെ സെക്യൂരിറ്റി സംബന്ധമായ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിന് 'സെർട്ട്-കേരള' (CERT-K) എന്ന സംവിധാനം നടപ്പിലാക്കിയിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) 'സെർട്ട് - കേരള' യുടെ പ്രവർത്തനങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ; | (ബി) 'സെർട്ട് -കേരള' യുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:<br><br>• സുരക്ഷാ ഓഡിറ്റിംഗ് : സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ ഹോസ്റ്റ് ചെയ്തിട്ടുള്ളതും പുതുതായി വികസിപ്പിച്ചതുമായ സർക്കാർ വെബ്സൈറ്റുകളുടെ സുരക്ഷാ പാളിച്ചകൾ കണ്ടെത്തി അവ നീക്കം ചെയ്യുന്നതിനാവശ്യമായ സുരക്ഷാ മാർഗ്ഗങ്ങൾ നൽകി വെബ്സൈറ്റുകളെ പ്രവർത്തന സജ്ജമാക്കുക. നിലവിലുള്ള വെബ്സൈറ്റുകളുടെ സമയാനുസൃതമായ സുരക്ഷാ ഓഡിറ്റിംഗ് നടത്തുക. കേരള സർക്കാർ വെബ്സൈറ്റുകളിൽ ഉണ്ടാകുന്ന ഹാക്കിംഗ് ശ്രമങ്ങൾ വിശകലനം ചെയ്ത് വെബ്സൈറ്റുകളെ സുരക്ഷിതമാക്കുക.<br><br>• വിവിധ സർക്കാർ ഉദ്യോഗസ്ഥർക്ക് സൈബർ സുരക്ഷാഭീഷണികളെക്കുറിച്ചും അവയുടെ പരിണതഫലങ്ങളെക്കുറിച്ചും ബോധവത്കരണവും പരിശീലനവും നൽകുക.<br><br>• സർക്കാർ വിവരം സുരക്ഷിതമാക്കുന്നതിനുള്ള |

മാനദണ്ഡങ്ങൾ ഉൾക്കൊള്ളുന്ന നയത്തിന്റെ രൂപീകരണത്തിൽ പങ്ക് വഹിക്കുക.

- സർക്കാർ വെബ് സൈറ്റുകളിൽ ഉണ്ടാകുന്ന ഹാക്കിംഗ് ശ്രമങ്ങൾ വിശകലനം ചെയ്ത് അവലോകന റിപ്പോർട്ടും ലോഗ്സും 'സെർട്ട്-ഇന്ത്യ'-യ്ക്ക് സമർപ്പിക്കുക.

(സി) സർക്കാർ വെബ് സൈറ്റുകളുടെ സുരക്ഷാ പാളിച്ചകൾ കണ്ടു പിടിക്കുന്നതിനും അതിനു വേണ്ട സുരക്ഷാ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുന്നതിനും എന്തെല്ലാം മാർഗ്ഗങ്ങളാണ് പ്രസ്തുത സംവിധാനത്തിൽ ഉള്ളതെന്ന് വ്യക്തമാക്കാമോ?

(സി) പുതിയ സർക്കാർ വെബ്സൈറ്റുകൾ സ്റ്റേറ്റ് ഡാറ്റാ സെൻററിൽ ഹോസ്റ്റ് ചെയ്യുന്നതിനായി മുൻകൂർ സുരക്ഷാ ഓഡിറ്റിംഗ് നിർബന്ധമാക്കിയിട്ടുണ്ട്. നിലവിലുള്ള സർക്കാർ വെബ്സൈറ്റുകൾ രണ്ടു വർഷത്തിൽ ഒരിക്കലോ അഥവാ എന്തെങ്കിലും മാറ്റങ്ങൾ വരുത്തുന്ന മുറയ്ക്കോ സുരക്ഷാ ഓഡിറ്റിംഗിന് വിധേയമാക്കുന്നുണ്ട്. സൈബർ സുരക്ഷാ ഭീഷണി നേരിടാൻ സാധ്യതയുള്ളതും കാലപ്പഴക്കം വന്നതുമായ സോഫ്റ്റ് വെയറുകൾ പുതുക്കി അവ കുറ്റമറ്റതാക്കുവാനുള്ള നിർദ്ദേശങ്ങൾ യഥാസമയം നല്കിവരുന്നുണ്ട്.

(signature)

**സെക്ഷൻ ഓഫീസർ**